**പതിനാലാം കേരള നിയമസഭ**
**ഏഴാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 60 — 07.08.2017 ൽ മറുപടിക്ക്

## ഐ.ടി.നയം

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.കെ.എസ്. ശബരീനാഥൻ**<br>**ശ്രീ.ഷാഫി പറമ്പിൽ**<br>**ശ്രീ.റോജി.എം.ജോൺ:** | **ശ്രീ. പിണറായി വിജയൻ**<br>**(മുഖ്യമന്ത്രി)** |
| (എ) ഈ സർക്കാർ ഐ.ടി. നയം പ്രഖ്യാപിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (എ) ഉണ്ട്. സംസ്ഥാനത്തിന്റെ സമഗ്രവികസനത്തിന് വിവര സാങ്കേതികവിദ്യയ്ക്കുള്ള നിർണ്ണായകമായ പങ്ക് മനസ്സിലാക്കി ആയത് പൂർണ്ണമായി പ്രയോജനപ്പെടുത്താൻ ലക്ഷ്യമിട്ടുകൊണ്ടാണ് ഐ.ടി നയം തയ്യാറാക്കിയിട്ടുള്ളത്. |
| (ബി) ഐ.ടി. വികസനത്തിനും അഭിവൃദ്ധിക്കും എന്തെല്ലാം കാര്യങ്ങളാണ് നയത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (ബി) വിവരസാങ്കേതികവിദ്യ, ഇലക്ട്രോണിക്സ്/ ടെലികോം/മൊബൈൽ മേഖലകൾ, ഇവയുടെ അനുബന്ധ വ്യവസായങ്ങൾ എന്നിവ ഉൾപ്പെടുത്തിക്കൊണ്ടുള്ള സമഗ്ര വികസനമാണ് ഐ.ടി. മേഖലയുടെ അഭിവൃദ്ധിയ്ക്കായി പ്രസ്തുത നയത്തിൽ പ്രധാനമായും ഉൾപ്പെടുത്തിയിരിക്കുന്നത്. ഇതുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന മേഖലകളിലെ വളർച്ച ലക്ഷ്യമിടുന്നു.<br><br>1) മാനവശേഷി മൂലധന വികസനം;<br>2) ഐ.ടി. പാർക്കുകൾ ഉൾപ്പെടെ പശ്ചാത്തല/അടിസ്ഥാന വികസന സൗകര്യങ്ങൾ;<br>3) വിഭവസമാഹരണം;<br>4) ഡിജിറ്റൽ സാക്ഷരത, ഇ-കൊമേഴ്സ്; |

5) ടെക്നോളജി ഇന്നവേഷൻ സോൺ, സ്റ്റാർട്ട്അപ്പ് സംരംഭങ്ങൾ
6) ഫാബ് ലാബുകൾ മുതൽ സ്മാർട്ട് ഗ്രാമങ്ങൾ വരെ

അർത്ഥവത്തായ വ്യവസായ വികസനം തുടങ്ങി സമസ്ത മേഖലകളുമായി ബന്ധപ്പെട്ടുള്ള വളർച്ചയ്ക്കും പരമാവധി തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും പുതിയ ഐ.ടി. നയത്തിന് സാധിക്കും. എല്ലാ തലത്തിലുമുള്ള ജനവിഭാഗങ്ങൾക്കും ഐ.ടിയുടെ പ്രയോജനം ലഭ്യമാക്കാൻ നയം ലക്ഷ്യമിടുന്നു.

(സി) പ്രസ്തുത നയം നടപ്പാക്കുവാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ കൈക്കൊണ്ടിട്ടുണ്ട്; വിശദമാക്കാമോ?

(സി) സർക്കാരിന്റെ ഐ.ടി.നയം അംഗീകരിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുകയും പ്രസ്തുത നയം പ്രാവർത്തികമാക്കുന്നതിനും ഉപനയത്തിലെ പ്രഖ്യാപനങ്ങൾ നടപ്പിലാക്കുന്നതിനും ആവശ്യമായ ഉത്തരവുകൾ പുറപ്പെടുവിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ